"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസം- പാലക്കാട് കുഴൽ മന്ദം സി.എ.ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.എ(സോഷ്യൽ സയൻസ്) ശ്രീമതി.എസ്.ബീനയും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത WP(C) No.19633/2021 ലെ 22.09.2021 ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.724/2022/GEDN തീയതി,തിരുവനന്തപുരം, 10-02-2022

---

പരാമർശം:-

1. പാലക്കാട് കുഴൽ മന്ദം സി.എ.ഹയർ സെക്കണ്ടറി സ്കൂൾ മാനേജരുടെ 27.12.2020, 2812.2020 തീയതികളിലെ റിവിഷൻ ഹർജികൾ (എക്സിബിറ്റ് പി19-25)
2. പാലക്കാട് കുഴൽ മന്ദം സി.എ.ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.എ(സോഷ്യൽ സയൻസ്) ശ്രീമതി.എസ്.ബീനയും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത WP(C) No.19633/2021 ലെ 22.09.2021 ലെ വിധിന്യായ◌ം
3. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 18.12.2021 ലെ ഡി.ഡി.ഇ.പി.കെ.ഡി/10253/2021/ബി4 നമ്പർ കത്ത്
4. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 18.12.2021 ലെ ബി1/5258/2021 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പാലക്കാട് കുഴൽ മന്ദം സി.എ.ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്എസ്.എ(സോഷ്യൽ സയൻസ്) ശ്രീമതി.എസ്.ബീനയും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത WP(C) No.19633/2021 ലെ 22.09.2021 ലെ വിധിന്യായത്തില◌് എക്സിബിറ്റ് പി 19-25 റിവിഷൻ ഹർജികൾ ഹർജിക്കാരെയും മാനേജരേയും ഉചിത മാർഗേണ കേട്ട് തീർപ്പാക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദേശം നല്കിയിരുന്നു. ആയതിൻ പ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം ഗൂഗിൾ മീറ്റ് വഴി 21.12.2021-ന് കേട്ടു. ഹർജിക്കാരുടെ വാദം ചുവടെ ചേർക്കുന്നു.

<u>1-◌ാ◌ം ഹർജിക്കാരി ശ്രീമതി. ബീന.എസ്</u>

"എ) റിവിഷൻ ഹർജിയിൽ HSA (SS) ആയുള്ള ഹർജിക്കാരിയുടെ സ്ഥാനക്കയറ്റം 2 ഖണ്ഡങ്ങളായി 16/01/2014 മുതൽ 24/01/2019 വരെയും പിന്നീട് 03/02/2020 മുതൽക്കും അംഗീകരിക്കണമെന്ന ആവശ്യം നിയമപരമായ അവകാശത്തിന് വിരുദ്ധമാണ്. ഹർജിക്കാരിയുടെ സ്ഥാനക്കയറ്റം 16/01/2014 മുതൽക്ക് തുടർച്ചയായി തന്നെ അംഗീകാരം ലഭിക്കേണ്ടതാണ്. ആയതിന് പ്രത്യേകമായിത്തന്നെ സർക്കാരിന് നിവേദനം അയച്ചിട്ടുമുണ്ട്.

ബി) ഡയറക്ടറുടെ EMI/88314/2018/DGE dated 01/06/2020 പ്രകാരം ഹർജിക്കാരിയുടെ സ്ഥാനക്കയറ്റം നിരസിക്കുവാനുണ്ടായ കാരണം ശ്രീമതി.ഗീതയുടെ HSST ആയുള്ള സ്ഥാനക്കയറ്റം നിരസിക്കുകയും ടിയാരിയെ 25/01/1999 മുതൽ എച്ച്.എസ്.എ ആയി തരം താഴ്ത്തുകയും ചെയ്തു എന്ന കാരണത്താലാണ്. ഈ കാരണം നിലനിൽക്കുന്നില്ല.

സി) ഹർജിക്കാരി യു.പി.എസ്.എ ആയി 09/06/1999 ൽ സർവ്വീസിൽ പ്രവേശിച്ചതാണ്. കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം XIV (A) യിലെ റൂൾ 43 പ്രകാരം HSA (SS) സ്ഥാനക്കയറ്റത്തിന് യോഗ്യത നേടിയ സീനിയർ യു.പി.എസ്.എ ആയതിനാൽ ഹർജിക്കാരിയുടെ HSA (SS) സ്ഥാനക്കയറ്റം 16/01/2014 മുതൽ തുടർച്ചയായി അംഗീകരിക്കപ്പെടേണ്ടതാണ്.

ഡി) HSA (SS) ആയ ശ്രീമതി. E.K. ഗീതയെ 16/01/2014 മുതൽ ക്ക് HSST History ആയി സ്ഥാനക്കയറ്റം നൽകണമെന്ന് സർക്കാർ ഉത്തരവ് നം. (ആർ.ടി) നം.5426/2019/പൊ.വി.വ തീയതി 10/12/2019 ലെ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മലപ്പുറം മേഖലാ ഉപമേധാവിയുടെ S/9372/2019/RDD/HSE/MCPM K.Dis dtd 11/03/2020 ഉത്തരവിൽ ടിയാരിയുടെ HSST Higher സ്ഥാനക്കയറ്റം 2 ഖണ്ഡങ്ങളായി 16/01/2014 മുതൽ 24/01/2019 വരെയും പിന്നീട് 03/02/2020 മുതൽക്കുമായി അംഗീകരിച്ചതിനെതിരെ ശ്രീമതി E.K. ഗീത സർക്കാരിൽ അപ്പീൽ നൽകുകയും ആയത് സർക്കാരിലെ B3/145/2016 എന്ന ഫയലിൽ തീരുമാനം കാത്തുകിടക്കുകയുമാണ്. ഈ അപ്പീൽ 10/12/2019 ലെ സർക്കാർ ഉത്തരവിന് അനുസൃതമായി തീരുമാനം എടുക്കുന്നപക്ഷം ഗീതയുടെ HSST History ആയിട്ടുള്ള പ്രൊമോഷൻ 16/01/2014 മുതൽക്ക് തുടർച്ചയായി അംഗീകാരം ലഭിക്കേണ്ടതാണ്.

ഇ) ശ്രീമതി.E.K. ഗീതയുടെ അപ്പീൽ നിരസിക്കുന്നപക്ഷം HSA (SS) ടീച്ചറായ ശ്രീമതി.മേരിക്കുട്ടി ജോസഫ് 31/03/2016 ൽ റിട്ടയർ ചെയ്തതുമൂലം ഉണ്ടായ ഒഴിവിൽ ഹർജിക്കാരിയുടെ ലീൻ 25/01/2019 മുതൽക്ക് മാറ്റിക്കൊണ്ട് തടസ്സമില്ലാത്ത HSA (SS) സേവനകാലം 16/01/2014 മുതൽക്ക് ഉറപ്പാക്കേണ്ടതാണ്.”

<u>2-ാം ഹർജിക്കാരനായ തോമസ് എബ്രഹാം.</u>

"എ) റിവിഷൻ ഹർജിയിൽ ഹർജിക്കാരന്റെ HSA (SS) സ്ഥാനക്കയറ്റം 01/06/2016 മുതൽക്ക് അംഗീകരിച്ച് ഉത്തരവാക്കണമെന്ന് സർക്കാർ മുൻപാകെ സമർപ്പിച്ചിട്ടുള്ളത്. ഈ ആവശ്യം തികച്ചും നിയമപരവും അംഗീകരിക്കപ്പെടേണ്ടതുമാണ്. ഹർ ജിക്കാരൻ 06/06/2021 ൽ യു.പി.എസ്.അസിസ്റ്റന്റായി നിയമിക്കപ്പെട്ട ആളാണ്. HSA (SS) സ്ഥാനക്കയറ്റത്തിന് യോഗ്യത നേടിയ 2-ാമത്തെ സീനിയർ യു.പി.എസ്.എ ആണ്. ഹർജിക്കാരന്റെ വിദ്യാഭ്യാസ യോഗ്യത BA (Economics) 1995 ലും Bed ഇംഗ്ലീഷ് 1998 ലും നേടിയതാണ്. ആയതിനാൽ 1/06/2016 മുതൽക്കുള്ള ഹർ ജിക്കാരന്റെ HSA (SS) ആയുള്ള സ്ഥാനക്കയറ്റ നിയമനം തികച്ചും നിയമപരവും അംഗീകരിക്കപ്പെടേണ്ടതാണ്. കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം XIV (A) യിലെ റൂൾ 43 പ്രകാരം ഹർജിക്കാരൻ HSA (SS) ആയി 01/06/2016 മുതൽക്ക് നിയമിക്കപ്പെടാൻ യോഗ്യത നേടിയ ആളാണ്.

ബി) ഡയറക്ടറുടെ EMI/088754/2018 തിയതി 03/12/2020 പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച സീനിയറായ E.K. ഗീത, HSST History ബീന.എസ്. HSA (SS) എന്നവരുടെ സ്ഥാനക്കയറ്റം അംഗീകരിച്ചിട്ടില്ല എന്ന കാരണത്താൽ ഹർജിക്കാരന്റെ നിയമനം നിരസിക്കപ്പെട്ടു.

സി) HSA (SS) ആയ ശ്രീമതി.മേരിക്കുട്ടി ജോസഫ് 31/05/2016 ൽ വിരമിച്ചപ്പോൾ ഉണ്ടായ ഒഴിവിലാണ് ഹർജിക്കാരനെ 01/06/2016 മുതൽ HSA (SS) ആയി സ്ഥാനക്കയറ്റം നൽകിയത്. ഈ തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് യോഗ്യനായ 2ാമത്തെ സീനിയർ യു.പി.എസ്.എ ആണ്

ഹർജിക്കാരൻ. ആയതിനാൽ 01/06/2016 മുതൽക്ക് ഹർജിക്കാരന്റെ HSA (SS) ആയുള്ള സ്ഥാനക്കയറ്റം യാതൊരു തടസ്സവുമില്ലാതെ തുടർച്ചയായി അംഗീകരിക്കപ്പെടേണ്ടതാണ്.

ഡി) 01/06/2016 ന് സ്ഥാനക്കയറ്റം നൽകപ്പെട്ട ഹർജിക്കാരന്റെ സീനിയർ ആയ ശ്രീമതി.ബീന.സി ക്ക് 25/01/2019 മുതൽ 02/02/2020 വരെ HSA (SS) തസ്തിക ലഭ്യമല്ലാതെ വന്നാൽ സ്വാഭാവികമായും ഹർജിക്കാരൻ നിലനില്ക്കുന്ന ഈ ഒഴിവിലേക്ക് 25/01/2019 മുതൽ ശ്രീമതി. ബീന.സി യെ ഉൾക്കൊള്ളിക്കേണ്ടതായി വരുന്നുവെങ്കിൽ 25/01/2019 മുതൽക്ക് ഹർജിക്കാരന്റെ ലാവണം 31/03/2016 ൽ HSA (SS) ആയി വിരമിച്ച ശ്രീ.ശാന്തകുമാറിന്റെ ഒഴിവിലേക്ക് മാറ്റിക്കൊണ്ട് 01/06/2016 മുതൽക്ക് തുടർച്ചയായി ഹർജിക്കാരന്റെ സ്ഥാനക്കയറ്റം അംഗീകരിക്കേണ്ടതാണ്.”

<u>3-ാം ഹർജിക്കാരനായ ബി. ജയരാജ് ന്റെ വാദം ചുവടെ ചേർക്കുന്നു.</u>

"എ) റിവിഷൻ ഹർജിയിൽ ഹർജിക്കാരന്റെ HSA (SS) ആയുള്ള 01/06/2016 മുതൽക്കുള്ള സ്ഥാനക്കയറ്റം അംഗീകരിച്ചുകിട്ടുന്നതിനുവേണ്ടി മാനേജർ സമർപ്പിച്ചതാണ്. റിട്ട് ഹർജിയിൽ ആവശ്യപ്പെട്ടത് 01/06/2016 മുതൽക്ക് എനിക്ക് തുടർച്ചയായി HSA (SS) സ്ഥാനക്കയറ്റം അംഗീകരിച്ചു നൽകണമെന്നതാണ്. ഈ ആവശ്യം തികച്ചും നിയമപരവും അനുവദനീയവുമാണ്. ഹർജിക്കാരൻ 08/06/2000ന് കുഴൽ മന്ദം സി.എ ഹൈസ്കൂളിൽ യു.പി.എസ്.എ ആയി സർവ്വീസിൽ പ്രവേശിച്ചതാണ്. ഹർജിക്കാരന്റെ വിദ്യാഭ്യാസ യോഗ്യത BA (Economics) , B.Ed (SS) ആണ്. ആയതിനാൽ കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം XIV(A) യിലെ റൂൾ 43 പ്രകാരം HSA (SS) സ്ഥാനക്കയറ്റത്തിന് 3-ാമത്തെ സീനിയർ അവകാശിയാണ് ഹർജിക്കാരൻ. ആയതിനാൽ 01/06/2016 മുതൽക്കുള്ള ഹർജിക്കാരന്റെ HSA (SS) ആയുള്ള സ്ഥാനക്കയറ്റം തികച്ചും നിയമപരമാണ്.

ബി) ശ്രീ.തോമസ് എബ്രഹാം, ബീന.എസ് എന്നീ സീനിയർ ടീച്ചർമാരുടെ HSA (SS) സ്ഥാനക്കയറ്റം അംഗീകരിച്ചിട്ടില്ല എന്ന കാരണത്താൽ ഹർജിക്കാരന്റെ സ്ഥാനക്കയറ്റവും അംഗീകരിച്ചിട്ടില്ല.

സി) HSA (SS) ആയിരുന്ന ശ്രീ.ശാന്തകുമാരൻ 31/03/2016 ൽ വിരമിച്ച ഒഴിവിലാണ് ഹർജിക്കാരനെ 01/06/2016 മുതൽ HSA (SS) ആയി സ്ഥാനക്കയറ്റം നൽകി മാനേജർ നിയമിച്ചത്. ഈ തസ്തികയിലേക്ക് ആവശ്യമായ യോഗ്യത നേടിയ 3-ാമത്തെ സീനിയർ യു.പി.എസ്.എ ആയ ഹർജിക്കാരന്റെ സ്ഥാനക്കയറ്റം നിയമപരവും അംഗീകരിക്കപ്പെടേണ്ടതാണ്.

ഡി) ശ്രീമതി. ഇ.കെ.ഗീത തന്റെ HSST ആയുള്ള 16/01/14 മുതൽക്കുള്ള പ്രൊമോഷൻ GO (Rt) No. 5426/19/G.Edn dated 10/12/2019 പ്രകാരം തുടർച്ചയായി തന്നെ വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് R D D ഇറക്കിയ ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ടും സർക്കാരിൽ ബി3/145/2020 എന്ന ഫയൽ പ്രകാരം അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതാണ്. ശ്രീമതി.ഗീതയുടെ എച്ച്.എസ്.എസ്.ടി സ്ഥാനക്കയറ്റത്തിനിടയിൽ കുറച്ചുകാലം 25/01/2019 മുതൽ 02/02/2020 വരെ എച്ച്.എസ്.എ യിൽ തന്നെ നിലനിർത്തിയ RDD യുടെ നടപടി ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. ഇത്തരം ഒരു റിവേർഷൻ ശ്രീമതി.ഇ.കെ.ഗീതക്ക് നേരിട്ടാൽ ഹർജിക്കാരന്റെ സീനിയറായി സ്ഥാനക്കയറ്റം ലഭിച്ച ബീന.എസ്.തോമസ് എബ്രഹാം എന്നീ 2 പേരും തൊട്ടടുത്ത റിട്ടയർമെന്റ് വാക്കൻസിയിലേക്ക് ഇറങ്ങി വരുമെന്നതിനാൽ അത്യന്തികമായി ഹർജിക്കാരന്റെ എച്ച്.എസ്.എ (എസ്.എസ്) സ്ഥാനക്കയറ്റം 01/06/2016 മുതൽ 24/01/2019 വരെയായി പരിമിതപ്പെട്ടു പോകുകയും 25/01/2019 മുതൽ ബീന.എസ് ഒഴിച്ചിട്ടുപോയ യു.പി.എസ്.എ ഒഴിവിൽ പോകാൻ ഹർജിക്കാരൻ നിർബന്ധിതനാവുകയും ചെയ്യും ആയതിനാൽ ശ്രീമതി.ഇ.കെ ഗീതയുടെ അപ്പീൽ ഫയലായ ബി3/14/2020 എന്ന ഫയലിൽ സർക്കാർ തീരുമാനം ഉണ്ടായതിനുശേഷം മാത്രം ഈ കാര്യത്തിൽ

തീരുമാനമെടുത്താൽ മതി എന്നതാണ് ഹർജിക്കാരന്റെ അപേക്ഷ."

4-ാം നമ്പർ ഹർജിക്കാരിയായ ശ്രീമതി. നാജിയ.കെ

"എ) റിവിഷൻ ഹർജിയിൽ ഹർജിക്കാരിയുടെ യു.പി.എസ്.എ നിയമനം 01/6/2016 മുതൽ തുടർച്ചയായി ക്രമീകരിക്കണമെന്ന വാദം തികച്ചും നിയമപരവും അംഗീകരിക്ക തക്കതുമാണ്. യു.പി.എസ്.എ ആയ ശ്രീ.തോമസ് എബ്രഹാം എച്ച്.എസ്.എ (എസ്.എസ്) ആയി 01/06/2016 മുതൽ സ്ഥാനകയറ്റം നൽകിയ ഒഴിവിലാണ് ഹർജിക്കാരിയെ യു.പി.എസ്.ടി ആയി നിയമിച്ചത്. തോമസ് എബ്രഹാമിന്റെ സ്ഥാനകയറ്റം അംഗീകരിക്കപ്പെടുന്നതോടെ ഹർജിക്കാരിയുടെ തസ്തിക വ്യവസ്ഥാപിതമാകും.

ബി) ഡയറക്ടറുടെ EM(I) 88177/2018/DGE തിയതി 13/07/2019 ഉത്തരവ് പ്രകാരം, ശ്രീ.തോമസ് എബ്രഹാം HSA (SS) സൂസൻ ഏലിയാസ് യു.പി.എസ്.എ എന്നീ സീനിയർ ടീച്ചർമാരുടെ നിയമനം അംഗീകരിക്കുന്ന കാരണത്താലാണ് ഹർജിക്കാരിയുടെ നിയമനം നിരസിച്ചത്. ഇവരിൽ സൂസൻ ഏലിയാസ് എന്ന യു.പി.എസ്.ടി 31/05/2016 മുതൽ മുൻകാല പ്രാബല്ല്യത്തോടെ രാജി വെച്ച് സ്ഥാപനം വിട്ട് പോവുകയും ചെയ്തു.

സി) 2016-2017 വർഷം 15 യു.പി.എസ്.ടി തസ്തികകളും 26 എച്ച്.എസ്.എ കോർ വിഷയം തസ്തികകളും അനുവദിച്ചിട്ടുണ്ട്. ഇത് വ്യക്തമാക്കി അന്യത്ര ചേർത്തിയിട്ടുള്ള സ്റ്റേറ്റ്മെന്റ് പരിശോധിച്ചാൽ 14-ാമത്തെ യു.പി.എസ്.എ തസ്തികയിൽ ഹർജിക്കാരിയുടെ നിയമനം നടത്തിയതാണ്. ആയതിനാൽ വ്യവസ്ഥാപിതമായ ഒഴിവ് ഉള്ളതാണ്. സീനിയർ യു.പി.എസ്.എ മാരായ ശ്രീമതി.ബീന.എസ്, ശ്രീ.തോമസ് എബ്രഹാം, ശ്രീ.ജയരാജ് എന്നിവർക്ക് ശ്രീമതി.ഇ.കെ ഗീതയുടെ HSST (History) ആയി 16/01/2014 മുതൽക്കുള്ള എച്ച്.എസ്.എസ്.ടി പ്രൊമോഷനിൽ 25/01/2019 മുതൽ 02/02/2020 വരെ തടസ്സമുണ്ടാകും വിധം എച്ച്.എസ്.എ ആയി വീണ്ടും നിലനിർത്തിയപ്പോൾ മേൽപറഞ്ഞ മൂവരിൽ 3-ാമത്തെ സീനിയർ ആയ ശ്രീ.ജയരാജിന് 01/06/2016 മുതൽ 24/01/2019 വരെ മാത്രം എച്ച്.എസ്.എ (എസ്.എസ്) പ്രൊമോഷൻ ലഭിച്ചു. 25/01/2019 മുതൽ സീനിയറായ ശ്രീമതി.ബീന.എസ് ഒഴിച്ചിട്ടുപോയ യു.പി.എസ്.എ തസ്തികയിൽ 25/01/2019 മുതൽക്ക് നിലനിൽക്കാമെന്നതിനാൽ ഹർജിക്കാരിക്ക് നിലനിൽക്കുവാൻ 14-ാമത്തെ യു.പി.എസ്.എ തസ്തിക വ്യവസ്ഥാപിതമായതിനാൽ ഹർജിക്കാരിയുടെ നിയമനം 01/06/2016 മുതൽക്ക് അംഗീകരിക്കപ്പെടേണ്ടതാണ്. യു.പി.എസ്.എ യ്ക്ക് ആവശ്യമായ വിദ്യാഭ്യാസ യോഗ്യത കെ.ടെറ്റ് ഉൾപ്പെടെ നേടിയതിനാൽ ഹർജിക്കാരിയുടെ നിയമനം 01/06/2016 മുതൽ ലഭ്യമായ സ്ഥിരം ഒഴിവിൽ അംഗീകരിച്ച് അന്നുമുതൽക്കുള്ള ശമ്പളം മറ്റ് ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ വേണ്ട നടപടിയുണ്ടാകുവാൻ ആഗ്രഹിക്കുന്നു.

5-ാം നമ്പർ ഹർജിക്കാരിയായ ജി.വിദ്യ

"എ)മാനേജർ ഹർജിക്കാരിയുടെ നിയമനാംഗീകാരം 01/06/2016 മുതൽ അംഗീകരിക്കുന്നതിനായി സർക്കാർ മുൻപാകെ സമർപ്പിച്ചതാണ്. സ്ഥിരം തസ്തികയിലുള്ള ഈ നിയമനം തികച്ചും നിയമപരമാകയാൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. എച്ച്.എസ്.എ (എസ്.എസ്) ആയ ജയരാജ്.ബി യെ 01/06/2016 മുതൽ ശ്രീ.ശാന്തകുമാരൻ എച്ച്.എസ്.എ (എസ്.എസ്) 31/03/2016 ൽ വിരമിച്ച ഒഴിവിലേക്ക് എച്ച്.എസ്.എ (എസ്.എസ്) ആയി സ്ഥാനകയറ്റം ലഭിച്ചപ്പോൾ ഉണ്ടായ ഒഴിവിലാണ് ഹർജിക്കാരിയെ നിയമിച്ചത്. ഇത് ഒരു സ്ഥിരം ഒഴിവാണ് - വ്യവസ്ഥാപിതമാണ്.

ബി) ഡയറക്ടറുടെ EM(I) 88985/2018/DGE തിയതി 29/10/2019 ലെ ഉത്തരവിൽ ഹർജിക്കാരിയുടെ സീനിയറായി നിയമിക്കപ്പെട്ട ജയരാജ് ബി.എസ്, തോമസ് എബ്രഹാം, നാജിയ

എന്നവരുടെ നിയമനം സംബന്ധിച്ച റിവിഷൻ ഹർജി സർക്കാരിൽ സമർപ്പിക്കപ്പെട്ടിരിക്കുന്നു എന്ന കാരണത്താലാണ്. ശ്രീമതി.ബീന എസ്, യു.പി.എസ്.എ 01/06/2016 മുതൽ ഇ.കെ.ഗീതയെ HSST (History) ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ നിയമിക്കപ്പെട്ടത് അംഗീകരിക്കപ്പെടുന്ന ഘട്ടത്തിലാണ്.

സി) തോമസ് എബ്രഹാം, യു.പി.എസ്.എ ആയി 01/06/2016 മുതൽക്കുള്ള എച്ച്.എസ്.എ (എസ്.എസ്) പ്രൊമോഷൻ, ശ്രീമതി മേരിക്കുട്ടി ജോസഫ് വിരമിച്ച ഒഴിവും മുകളിൽ പ്രസ്താവിച്ച തരത്തിൽ നിയമനാംഗീകാരത്തിന് യോഗ്യമാണ്.

ഡി) ജയരാജ്.ബി യു.പി.എസ്.എ യുടെ 01/06/2016 മുതൽ എച്ച്.എസ്.എ (എസ്.എസ്) ആയിട്ടുള്ള നിയമനം 01/06/2016 മുതൽ 24/01/2019 വരെ എച്ച്.എസ്.എ ആയും, 25/01/2019 മുതൽ യു.പി.എസ്.എ ആയി. (ഇ.കെ ഗീതയുടെ സർക്കാരിൽ സമർപ്പിക്കപ്പെട്ട അപ്പീൽ തിരസ്കരിച്ചാൽ മാത്രം) 25/01/2019 ൽ ശ്രീമതി.ബീന.എസ്.നെ ഒഴിപ്പിച്ചിട്ട തസ്തികയിൽ ഉൾക്കൊള്ളും ആയതിനാൽ ശ്രീ.ജയരാജ്.ബി.യുടെ യു.പി.എസ്.ടി തസ്തിക 01/06/2016 മുതൽ തുടർച്ചയായി ലഭ്യമായതിനാൽ ഹർജിക്കാരിയുടെ യു.പി.എസ്.ടി നിയമനം 01/06/2016 മുതൽ തുടർച്ചയായി അംഗീകരിക്കപ്പെടുന്നതും അന്നുമുതൽക്ക് തന്നെ ശമ്പള ആനുകൂല്യങ്ങൾ വിതരണം ചെയ്തു വരാനുള്ള നടപടികൾ ഉണ്ടാകണമെന്ന് സർക്കാരിനോട് അപേക്ഷിക്കുന്നു.

<u>6-ാം ഹർജിക്കാരിയായ ഹിതാ പ്രഭാകർ ടി.വി</u>

"എ) റിവിഷൻ ഹർജിയിൽ ഹർജിക്കാരിയുടെ എച്ച്.എസ്.എ ആയി 01/06/2017 മുതൽക്കുള്ള നിയമനാംഗീകാരത്തിനു വേണ്ടി മാനേജർ സർക്കാർ മുൻപാകെ സമർപ്പിച്ച റിവിഷൻ ഹർജിയാണ് 01/06/2017 മുതൽക്കുള്ള ഹർജിക്കാരിയുടെ നിയമനത്തിന് യാതൊരുവിധ തടസ്സങ്ങളും ഇല്ലാത്ത സാഹചര്യത്തിൽ തികച്ചും നിയമപരമായതിനാൽ അംഗീകരിക്കപ്പെടേണ്ടതാണ്.

ബി) യു.പി.എസ്.എ ആയിരുന്ന നിധി.ബി.നായർ 01/06/2017 മുതൽക്ക് എച്ച്.എസ്.എ (ഗണിതം) ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവിലാണ് ഹർജിക്കാരിയെ നിയമിച്ചത്. നിധി.ബി.നായരുടെ സ്ഥാനക്കയറ്റം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകാരം നൽകിക്കഴിഞ്ഞതാണ്. 2017-18 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം 14 യു.പി.എസ്.എ തസ്തികകളും 28 കോർവിഷയ തസ്തികകളും അനുവദിച്ചിട്ടുള്ളതാണ്. 14 യു.പി.എസ്.ടി തസ്തികകളിൽ ഹർജിക്കാരി 14-ാമത്തെ തസ്തികയിൽ നിലനിൽക്കുന്നു.

സി) ഡയറക്ടറുടെ EM(I) 88671/2018/DGE തിയതി 30/10/2019 പ്രകാരം നാജിയ.എഫ്, വിദ്യ.ജി, വന്ദന.കെ എന്നീ സീനിയർ യു.പി.എസ്.എ മാരുടെ നിയമനം അംഗീകരിക്കാത്ത സാഹചര്യത്തിൽ ഹർജിക്കാരിയുടെ നിയമനം നിരസിക്കുകയായിരുന്നു.

ഡി) നാജിയ.എഫ് യു.പി.എസ്.എ യെ 01/06/2016 മുതൽ ശ്രീ.തോമസ് എബ്രഹാം യു.പി.എസ്.എ യെ എച്ച്.എസ്.എ (എസ്.എസ്) ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ നിയമിച്ചതും വിദ്യാ.ജി എന്ന യു.പി.എസ്.എ യുടെ 01/06/2016 മുതൽക്ക് ജയരാജ്.ബി. യു.പി.എസ്.എ യെ 01/06/2016 മുതൽ എച്ച്.എസ്.എ (എസ്.എസ്) ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവിലും വന്ദന.കെ എന്ന യു.പി.എസ്.എ യെ 01/06/2017 മുതൽ സ്ഥാനക്കയറ്റം നൽകിയ ഒഴിവിലും നിയമിച്ചതാണ്. ഈ 3 നിയമനങ്ങളും ഇപ്പോൾ സർക്കാർ പരിഗണിച്ചുവരുന്ന സാഹചര്യത്തിൽ ഹർജിക്കാരിയുടെ നിയമനാംഗീകാരത്തിന് തടസ്സമൊന്നും നിലനിൽക്കുന്നില്ല. ആയതിനാൽ ഹർജിക്കാരിക്കായി ലഭ്യമാക്കിയ യു.പി.എസ്.എ തസ്തിക സ്ഥിരം സ്വഭാവമുള്ളതും പ്രൊമോഷൻ മൂലം ലഭിച്ചതുമായ തസ്തികയാണ്. ഈ സാഹചര്യത്തിൽ ഹർജിക്കാരിയുടെ യു.പി.എസ്.എ നിയമനം 01/06/2017 മുതൽ റഗുലറായി അംഗീകരിച്ച് അന്നു മുതൽക്കുള്ള ശമ്പള

ആനുകൂല്യങ്ങൾ ലഭിക്കുവാനുള്ള ഉത്തരവും ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.”

7-ാം നമ്പർ ഹർജിക്കാരിയായ വന്ദന.കെ.

"എ) റിവിഷൻ ഹർജിയിൽ ഹർജിക്കാരിയുടെ 01/06/2017 മുതൽക്കുള്ള യു.പി.എസ്.ടി നിയമനം അംഗീകരിച്ച് കിട്ടാനായി സർക്കാർ മുൻപാകെ മാനേജർ ഫയൽ ചെയ്ത റിവിഷൻ ഹർജിയാണ്. യു.പി.എസ്.എ ആയ അനിത ഫ്രാൻസിസ് 01/06/2017 മുതൽ എച്ച്.എസ്.എ (Maths) ആയി സ്ഥാനകയറ്റം നൽകിയപ്പോൾ ലഭിച്ച യു.പി.എസ്.എ ഒഴിവിലാണ് ഹർജിക്കാരിയെ നിയമിച്ചത്. ശ്രീമതി.അനിത ഫ്രാൻസ്സിസ്സിന്റെ സ്ഥാനക്കയറ്റം അംഗീകരിക്കുന്നതിനാൽ ഹർജിക്കാരിക്ക് ലഭ്യമായ യു.പി.എസ്.എ ഒഴിവ് വ്യവസ്ഥാപിതമാണ്. 2017-18 നിലനിന്നിരുന്ന യു.പി.എസ്.എ & എച്ച്.എസ്.എ തസ്തികകളും അതിൽ നിലനിന്നിരുന്ന അദ്ധ്യാപകരുടെ പേരുവിവരങ്ങളും അനുബന്ധമായി ഹാജരാക്കുന്നുണ്ട്.

ബി) ഡയറക്ടറുടെ EM(I) 88674/2018/DGE തിയതി 13/04/2019 ഉത്തരവ് പ്രകാരം ഹർജിക്കാരിയുടെ സീനിയർമാരായ നാജിയ, വിദ്യ എന്നീ യു.പി.എസ്.എ മാരുടെ നിയമനങ്ങൾ അംഗീകരിക്കാത്തതിനാൽ നിരസിക്കപ്പെട്ടു. ഇവരുടെ നിയമനാംഗീകാരം ഇതോടൊപ്പം സർക്കാരിന്റെ പരിഗണനയിലാകയാൽ ഹർജിക്കാരിയുടെ നിയമനവും അതോടൊപ്പം അംഗീകരിക്കുവാൻ മാർഗ്ഗതടസ്സമൊന്നും കാണുന്നില്ല.

സി) ശ്രീമതി നാജിയ എസ്സിനെ 01/06/2016 മുതൽ ശ്രീ.തോമസ് എബ്രഹാം എച്ച്.എസ്.എ ആയി സ്ഥാനകയറ്റം നൽകിയ ഒഴിവിലാണ് നിയമിച്ചത്. ശ്രീമതി.വിദ്യ.ജി.യെ 01/06/2016 മുതൽ ശ്രീ.ജയരാജ്.ബി.,യു.പി.എസ്.എ.യെ എച്ച്.എസ്.എ ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവിലാണ് നിയമിച്ചത്. ഈ രണ്ടു പേരുടെയും നിയമനാംഗീകാരം സർക്കാർ പരിഗണനയിലായതിനാൽ ഹർജിക്കാരിയുടെ നിയമനം 01/06/2017 മുതൽ അംഗീകരിച്ച് ശമ്പള ആനുകൂല്യങ്ങൾ ലഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അറിയിക്കുന്നു.”

2) ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"എ) കുഴൽമന്ദം സി.എ ഹൈസ്കൂളിലെ എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) അദ്ധ്യാപികയായിരുന്ന ശ്രീമതി.ഇ.കെ.ഗീതക്ക് മാനേജർ 16/01/2014 മുതൽ എച്ച്.എസ്.എസ്.ടി അദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകി നിയമനം നൽകി. ഈ നിയമനം അംഗീകരിക്കുന്നതിനായി അപേക്ഷ ഹയർ സെക്കണ്ടറി മേഖല ഉപഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിച്ചിരുന്നു ശ്രീമതി.ഇ.കെ.ഗീതക്ക് 16/01/2014 മുതൽ എച്ച്.എസ്.എസ്.ടി (സോഷ്യൽ സയൻസ്) ആയി സ്ഥാനക്കയറ്റം നൽകിയതിനെ തുടർന്ന് ഉണ്ടായ തസ്തിക ഒഴിവിൽ മാനേജർ ടി വിദ്യാലയത്തിലെ യു.പി.എസ്.എ അദ്ധ്യാപികയായ ശ്രീമതി.ബീന എസ്- ന് 16/01/2014 മുതൽ എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) അദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകി നിയമനം നടത്തുകയും നിയമനാംഗീകാരത്തിനായി പ്രൊപ്പോസൽ ഈ കാര്യാലയത്തിൽ സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ചതിൽ എച്ച്.എസ്.എസ്.ടി (സോഷ്യൽ സയൻസ്) ആയി സ്ഥാനക്കയറ്റം നൽകിയ ഇ.കെ. ഗീതയുടെ എച്ച്.എസ്.എസ്.ടി (സോഷ്യൽ സയൻസ്) തസ്തികയിലെ നിയമനം ആർ.ഡി.ഡി മലപ്പുറം അംഗീകരിച്ച് ഉത്തരവ് നൽകാത്തതിനാൽ വ്യവസ്ഥാപിതമായ ഒഴിവില്ലാത്തതിനാൽ ബീന.എസ് ന്റെ സ്ഥാനക്കയറ്റ നിയമനം ഈ കാര്യാലയത്തിൽ നിന്ന് ഉത്തരവ് നം.ബി1/748/2014 തിയതി 02/05/2015 ന് നിരസിച്ച് നൽകി. ഈ നിരസന ഉത്തരവിനെതിരെ മാനേജർ സി.എ.ഹൈസ്കൂൾ കുഴൽമന്ദം 23/06/2015ന് അപ്പീൽ അപേക്ഷ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിക്കുകയും ആയത് ആ കാര്യാലയത്തിലെ

ബി4/12222/2015/കെ.ഡിസ് തിയതി 04/09/2015 ന് ശ്രീമതി.ഇ.കെ.ഗീതയുടെ നിയമനം ഹയർ സെക്കണ്ടറി ഡയറക്ടർ അംഗീകരിക്കാത്തതിനാൽ വ്യവസ്ഥാപിതമായ ഒഴിവ് ഇപ്പോഴും ഇല്ലാത്തതിനാൽ ഡി.ഇ.ഒ പാലക്കാടിന്റെ നടപടി ഉത്തരവ് ശരി വെച്ച് കൊണ്ട് ശ്രീമതി.ബീന.എസ് ന്റെ എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) തസ്തികയിലെ നിയമനം നിരസിച്ച് ഉത്തരവ് നൽകുകയുണ്ടായി.

ബി) 17/09/2018 ൽ മാനേജർ സി.എ ഹൈസ്കൂൾ കുഴൽമന്ദം റിവിഷൻ അപ്പീൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ ഫയൽ ചെയ്യുകയും ആയതിൻ മേൽ ഇ.എം1/88314/2018 തിയതി 28/06/2019 ന് റിപ്പോർട്ട് ആവശ്യപ്പെടുകയും അതിനുള്ള മറുപടി ഈ കാര്യാലയത്തിൽ നിന്ന് 21/08/2018 ന് നൽകുകയുണ്ടായി.

സി) ശ്രീമതി.ഇ.കെ.ഗീത നിയമന അംഗീകാരം ലഭിക്കാത്തതിനെ തുടർന്ന് ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം.3441/2019 എന്ന നമ്പർ കേസിലെ വിധിന്യായ പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൻ പ്രകാരം ശ്രീമതി.ഇ.കെ.ഗീതയുടെ നിയമനം 16/01/2014 മുതൽ അംഗീകരിക്കാവുന്നതാണെന്ന് ഉത്തരവാകുകയുണ്ടായി ആയതിന്റെ അടിസ്ഥാനത്തിൽ മാനേജർ വീണ്ടും ശ്രീമതി. ഇ.കെ.ഗീതയുടെ നിയമനാംഗീകാര അപേക്ഷ പുന:സമർപ്പിച്ചു.

ഡി) RDD/HSE/MLPM/K.Dis dated 17/12/2018 ഉത്തരവിന്റെ അടിസ്ഥാനത്തിൽ സി.എ ഹൈസ്കൂൾ കുഴൽമന്ദം മാനേജർ ശ്രീമതി.ഇ.കെ.ഗീതയെ 25/01/2019 മുതൽ എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) തസ്തികയിലേക്ക് തരം താഴ്ത്തുകയും പിന്നീട് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ് നം. 542/2019 തിയതി 10/12/2019 പ്രകാരം 03/02/2020 മുതൽ ശ്രീമതി.ഇ.കെ.ഗീതയെ എച്ച്.എസ്.എസ്.ടി (സോഷ്യൽ സയൻസ്) തസ്തികയിൽ പുന:നിയമനം നൽകുകയും ചെയ്തിരുന്നു. 25/01/2019 മുതൽ 02/02/2020 വരെ ശ്രീമതി.ഇ.കെ.ഗീത എച്ച്.എസ്.ടി തസ്തികയിലാണ് ജോലി ചെയ്തിട്ടുള്ളത്. ആയതിനാൽ മലപ്പുറം ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖലാ ഉപഡയറക്ടറുടെ എഫ്/9327/2019/RDD/HSE/MLPM/K.Dix dated 11/03/2020 ലെ നടപടി ഉത്തരവ് പ്രകാരം ശ്രീമതി.ഇ.കെ.ഗീതയുടെ എച്ച്.എസ്.എസ്.ടി (എസ്.എസ്) തസ്തികയിലെ നിയമനം 16/01/2014 മുതൽ 24/01/2019 വരെയും തുടർന്ന് 03/02/2020 മുതൽ തസ്തിക നിലനിൽക്കുന്നതുവരെയും എന്ന് രേഖപ്പെടുത്തിയാണ് നിയമനം അംഗീകരിച്ച് ഉത്തരവ് നൽകിയിട്ടുള്ളത്. ശ്രീമതി.ഇ.കെ.ഗീതയെ എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) ആയി തരം താഴ്ത്തിയ കാലയളവ് 25/01/2019 മുതൽ 02/02/2020 വരെ എച്ച്.എസ്.എസ്.ടി ആയി ജോലി ചെയ്യുന്ന കാലയളവ് നിയമനാംഗീകാരം നൽകാൻ കഴിയില്ലെന്ന് ആർ.ഡി.ഡി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഇ) മാനേജർ സി.എ.എച്ച്.എസ് കുഴൽമന്ദം ശ്രീമതി.ബീന എസ്സ് 16/01/2014 മുതൽക്കാണ് എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുള്ളത്. ഇ.കെ.ഗീതയുടെ നിയമനം 16/01/2014 മുതൽ അംഗീകരിച്ചുവെങ്കിലും എച്ച്.എസ്.എസ്.ടി ആയി ജോലി ചെയ്യാത്ത 24/01/2019 മുതൽ 02/02/2020 വരെയുള്ള കാലയളവ് അംഗീകരിച്ച് ഉത്തരവ് ആയിട്ടില്ലെന്ന് ഒരിക്കൽ കൂടി ബോധിപ്പിച്ച് കൊള്ളുന്നു. (ഈ ഒരു തടസ്സവാദം അല്ലാതെ മറ്റ് തടസ്സവാദങ്ങൾ ഒന്നും എസ്.ബീനയുടെ നിയമനം അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നില്ല).

<u>തോമസ് എബ്രഹാം എച്ച്.എസ്.ടി (സോഷ്യൽ സയൻസ്)</u>

എഫ്) കുഴൽ മന്ദം സി.എ ഹൈസ്കൂൾ മാനേജർ തന്റെ സ്കൂളിലെ ശ്രീമതി മേരിക്കുട്ടി ജോസഫ് എച്ച്.എസ്.എ (സോഷ്യൽ സയൻസ്) 31/05/2016 ന് സർവ്വീസിൽ നിന്നും വിരമിച്ചതുമൂലമുണ്ടായ എച്ച്.എസ്.എ (സോഷ്യൽ സയൻസ്) തസ്തിക ഒഴിവിൽ 01/06/2016 മുതൽ 43 എ അവകാശിയായ ശ്രീ.തോമസ് എബ്രാഹിമിനെ നിയമിച്ച് നിയമന അംഗീകാര അപേക്ഷ സമർപ്പിച്ചിരുന്നു.

ജി) മാനേജർ സമർപ്പിച്ച നിയമനാംഗീകാര അപേക്ഷ വിശദമായി പരിശോധിച്ചതിൽ സീനിയർ അദ്ധ്യാപികയായ ശ്രീമതി. ബീന.എസ് യു.പി.എസ്.എ യുടെ എച്ച്.എസ്.എ (സോഷ്യൽ സയൻസ്) തസ്തികയിലെ സ്ഥാനക്കയറ്റ നിയമനം നാളിതുവരെയായി അംഗീകരിച്ച് ഉത്തരവ് നൽകിയിട്ടില്ല. ആയതിനാൽ ശ്രീ.തോമസ് എബ്രാഹാം യു.പി.എസ്.എ യുടെ സ്ഥാനക്കയറ്റ നിയമനം ഈ കാര്യാലയത്തിൽ നിന്ന് 20/12/2017 ന് ബി1/2920/2016 എന്ന നടപടി ഉത്തരവ് പ്രകാരം നിരസിച്ചു നൽകി. ഈ നിരസന ഉത്തരവിനെതിരെ മാനേജർ 11/01/2018 ന് അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. അപ്പീൽ അധികാരിയും ശ്രീ.തോമസ് എബ്രഹാമിന്റെ സീനിയർ അദ്ധ്യാപികയായ ശ്രീമതി.ബീന.എസ് ന്റെ എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) തസ്തികയിലെ സ്ഥാനക്കയറ്റ നിയമനം അംഗീകരിച്ചിട്ടില്ല എന്ന കാരണത്താൽ ശ്രീ.തോമസ് എബ്രഹാമിന്റെ നിയമനം ഡി.ഡി.ഇ പാലക്കാട് നിരസിക്കുകയുണ്ടായി.

<u>ബി.ജയരാജ് എച്ച്.എസ്.ടി (സോഷ്യൽ സയൻസ്)</u>

എച്ച്) സി.എ ഹൈസ്കൂൾ കുഴൽമന്ദം മാനേജർ പ്രസ്തുത സ്കൂളിലെ എച്ച്എസ്.ടി (സോഷ്യൽ സയൻസ്) അദ്ധ്യാപകനായ ശ്രീ. ശാന്തകുമാരൻ 31/03/2016 ന് സർവ്വീസിൽ നിന്നും വിരമിച്ച തസ്തിക ഒഴിവിലേക്ക് ശ്രീ.ബി.ജയരാജ് യു.പി.എസ്.എ യെ 01/06/2016 മുതൽ സ്ഥാനക്കയറ്റം നൽകി നിയമിച്ച് നിയമനാംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ചതിൽ ശ്രീ.ബി.ജയരാജ് യു.പി.എസ്.എ യുടെ സീനിയർ ആയ ശ്രീമതി. ബീന യു.പി.എസ്.എ, ശ്രീ.തോമസ് എബ്രഹാം യു.പി.എസ്.എ എന്നിവരുടെ എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) തസ്തികയിലെ സ്ഥാനക്കയറ്റ നിയമനം നാളിതുവരെയായിട്ടും അംഗീകരിച്ച് ഉത്തരവായിട്ടില്ല. ഈ സാഹചര്യത്തിൽ ശ്രീ. ബി. ജയരാജ് യു.പി.എസ്.എ നിയമനാംഗീകാര അപേക്ഷ ഈ കാര്യാലയത്തിൽ നിന്ന് ബി1/2921/2016 തിയതി 20/12/2017 എന്ന നടപടി ഉത്തരവ് പ്രകാരം നിരസിച്ച് നൽകി. തുടർന്ന് മാനേജർ 11/01/2018 ന് ഡി.ഡി.ഇ പാലക്കാടിന് അപ്പീൽ സമർപ്പിക്കുകയുണ്ടായി. ടി അപേക്ഷ അപ്പീൽ അധികാരി വിശദമായി പരിശോധിക്കുകയും ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനം നിരസിക്കാനുള്ള കാരണങ്ങൾ ഇപ്പോഴും നില നിൽക്കുന്നുവെന്നും നിയമനം നിരസിച്ചതിനുള്ള കാരണങ്ങൾ നിയമപരമായി വ്യക്തമായിരിക്കുന്നുവെന്ന് ബോധ്യപ്പെട്ടതിനെ തുടർന്ന് അപ്പീൽ അപേക്ഷ ഡി.ഡി.ഇ പാലക്കാട് ബി4/977/2018 തിയതി 30/08/2018 നിരസിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്.

സീനിയർ നിയമനാർത്ഥികളായ ശ്രീമതി.ബീന.എസ്, ശ്രീ.തോമസ് എബ്രഹാം എന്നിവരുടെ എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) തസ്തികയിലെ നിയമനം അംഗീകരിച്ച് കഴിഞ്ഞാൽ മാത്രമേ ശ്രീ.ബി.ജയരാജിന്റെ എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) തസ്തികയിലെ നിയമനം അംഗീകരിക്കുവാൻ കഴിയുവെന്ന് അറിയിക്കുന്നു.

<u>നജിയ.കെ</u>

ഐ) കുഴൽമന്ദം സി.എ ഹൈസ്കൂൾ മാനേജർ ടി സ്കൂളിലെ ശ്രീ. തോമസ് എബ്രഹാം യു.പി.എസ്.എ ക്ക് 01/06/2016 മുതൽ എച്ച്.എസ്.എ (എസ്.എസ്) ആയി സ്ഥാനക്കയറ്റം നൽകി നിയമിച്ചതു മൂലം ഉണ്ടായ തസ്തിക ഒഴിവിൽ മാനേജർ സി.എ.എച്ച്.എസ് കുഴൽമന്ദം ശ്രീമതി.നജിയ.കെ.യെ 01/06/2016 മുതൽ യു.പി.എസ്.എ അദ്ധ്യാപികയായി നിയമിച്ച് നിയമനാംഗീകാര അപേക്ഷ അംഗീകാരത്തിനായി ഈ കാര്യാലയത്തിൽ സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ചതിൽ ശ്രീ.തോമസ് എബ്രഹാമിന്റെ 01/06/2016 മുതലുള്ള എച്ച്.എസ്.എ (എസ്.എസ്) തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റ നിയമനം ഈ കാര്യാലയത്തിൽ നിന്ന് അംഗീകരിച്ച് ഉത്തരവ് നൽകിയിരുന്നില്ല. ആയതിനാൽ ശ്രീമതി.നജിയ.കെ യുടെ നിയമനം അംഗീകരിക്കുന്നതിനാവശ്യമായ വ്യവസ്ഥാപിതമായ ഒഴിവില്ല.

ജെ) ശ്രീമതി.നജിയ.കെ.യുടെ യു.പി.എസ്.എ തസ്തികയിലെ നിയമനം 01/06/2016 മുതലാണ്. ഈ നിയമനത്തിനു മുൻപ് മാനേജർ 16/01/2014 മുതൽ ശ്രീമതി.സൂസൻ ഏലിയാസിനെ യു.പി.എസ്.എ ആയി നിയമിച്ച് അംഗീകാരത്തിനായി നൽകിയ അപേക്ഷ ഈ കാര്യാലയത്തിൽ നിന്നും നിരസിച്ചിരുന്നു. വ്യവസ്ഥാപിതമായ ഒഴിവില്ലാത്തതിനാലും സീനിയർ അദ്ധ്യാപികയുടെ നിയമനം നിരസിച്ചതിനാലും ശ്രീമതി.നജിയ.കെ.യുടെ നിയമനം ഈ കാര്യാലയത്തിൽ നിന്നും ബി1/2917/2016 തിയതി 29/12/2017 ന് നിരസിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്.ഈ നിരസന ഉത്തരവിനെതിരെ മാനേജർ 11/01/2018 ന് അപ്പീൽ പരാതി നൽകുകയുണ്ടായി. മാനേജരുടെ അപ്പീൽ പരാതി ഡി.ഡി.ഇ പാലക്കാട് വിശദമായി പരിശോധിക്കുകയും നിയമനം നിരസിക്കാനുള്ള കാരണം ഇപ്പോഴും നിലനിൽക്കുന്നതിനാൽ മാനേജർ സി.എ.ഹൈസ്കൂൾ കുഴൽമന്ദത്തിന്റെ അപ്പീൽ അപേക്ഷ ബി4/978/2018തിയതി 17/09/2018 ന് ഡി.ഡി.ഇ പാലക്കാട് നിരസിച്ച് ഉത്തരവ് നൽകിയതായി അറിയിച്ചു കൊള്ളുന്നു.

<u>വിദ്യ. ജി</u>

കെ) കുഴൽമന്ദം സി.എ ഹൈസ്കൂൾ മാനേജർ ടിയാന്റെ സ്കൂളിലെ യു.പി.എസ്.എ അദ്ധ്യാപകൻ ശ്രീ.ജയരാജിന് 01/06/2016 മുതൽ സ്ഥാനക്കയറ്റം നൽകി എച്ച്.എസ്.എ (എസ്.എസ്) തസ്തികയിൽ നിയമിച്ചതു മൂലമുണ്ടായ തസ്തിക ഒഴിവിലാണ് മാനേജർ ശ്രീമതി.വിദ്യ.ജി യെ യു.പി.എസ്.എ അദ്ധ്യാപികയായി നിയമിച്ചിരുന്നത്. ശ്രീമതി.വിദ്യാ ജിയുടെ യു.പി.എസ്.എ തസ്തികയിലെ നിയമനം ഈ കാര്യാലയത്തിൽ നിന്ന് നിരസിച്ചിരുന്നു. ആയതിനുള്ള കാരണങ്ങൾ ( 1 ) ശ്രീ.ജയരാജ് യു.പി.എസ്.എ യുടെ 01/06/2016 മുതലുള്ള എച്ച്.എസ്.ടി (എസ്.എസ്) സ്ഥാനക്കയറ്റ നിയമനം ഈ കാര്യാലയത്തിൽ നിന്നും നിരസിച്ചിരുന്നു. ഇക്കാരണത്താൽ ശ്രീമതി.വിദ്യ ജി യുടെ നിയമനം അംഗീകരിക്കുന്നതിനാവശ്യമായ വ്യവസ്ഥാപിതമായ തസ്തിക ഒഴിവില്ല (2) ശ്രീമതി.വിദ്യ.ജി യുടെ യു.പി.എസ്.എ തസ്തികയിലെ നിയമനം 01/06/2016 മുതലാണ്. ഈ നിയമനത്തിന് മുൻപ് മാനേജർ 16/01/2014 മുതൽ ശ്രീമതി.സൂസൻ ഏലിയാസിനെ യു.പി.എസ്.എ യായി നിയമിച്ചിരുന്നു. പ്രസ്തുത നിയമനവും ഈ കാര്യാലയത്തിൽ നിന്ന് നിരസിച്ചതാണ്. സീനിയറുടെ നിയമനം അംഗീകരിക്കാത്ത സാഹചര്യത്തിൽ ശ്രീമതി.വിദ്യ.ജി യുടെ നിയമനവും അംഗീകരിക്കുവാൻ കഴിയാത്തതിനാൽ 03/01/2018 ന് നിരസിച്ച് ഉത്തരവ് നൽകി.

എൽ) ഈ നിരസന ഉത്തരവിനെതിരെ മാനേജർ സി.എ ഹൈസ്കൂൾ കുഴൽമന്ദം 11/01/2018 ന് അപ്പീൽ അപേക്ഷ സമർപ്പിക്കുകയും ആയത് ഡി.ഡി.ഇ പാലക്കാട് വിശദമായി പരിശോധിക്കുകയും ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനം നിരസിക്കാനുള്ള കാരണം ഇപ്പോഴും നിലനിൽക്കുന്നതിനാൽ 05/10/2018 ഉത്തരവ് നം. കെ.ഡിസ്/ബി4/979/2018 എന്ന ഉത്തരവ് പ്രകാരം അപ്പീൽ അപേക്ഷയും നിരസിച്ചിട്ടുണ്ട്. തുടർന്ന് മാനേജർ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് 23/10/2018 ന് റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു. ആയതും മേൽ രേഖപ്പെടുത്തിയ കാരണങ്ങൾ നിലനിൽക്കുന്നതിനാൽ ഇ.എം1/88995/2018/ഡി.ജി.ഇ/കെ.ഡിസ് തിയതി 29/10/2019 ന് നിരസിച്ച് ഉത്തരവ് നൽകിയതായി അറിയിച്ച് കൊള്ളുന്നു.

<u>വന്ദന.കെ.സുപ്രഭാത്</u>

എം) കുഴൽമന്ദം സി.എ ഹൈസ്കൂൾ മാനേജർ തന്റെ സ്കൂളിലെ യു.പി.എസ്.എ അദ്ധ്യാപികയായ ശ്രീമതി.പ്രീജ കെ.കെ.യ്ക്ക് 02/06/2014 മുതൽ സ്ഥാനക്കയറ്റം നൽകി എച്ച്.എസ്.ടി (എൻ.എസ്) അദ്ധ്യാപികയായി നിയമനം നൽകിയതിനെ തുടർന്ന് യു.പി.എസ്.ടി തസ്തികയിലുണ്ടായ തസ്തിക ഒഴിവിൽ മാനേജർ ശ്രീമതി.വന്ദന.കെ സുപ്രഭാതിന് 01/06/2017 മുതൽ നിയമനം നൽകുകയും നിയമനാംഗീകാരത്തിനായി അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. ടി അപേക്ഷ പരിശോധിച്ചതിൽ മാനേജർ ടി സ്കൂളിൽ യു.പി.എസ്.എ തസ്തികയിൽ നിയമനം നൽകിയ അദ്ധ്യാപികരുടെ നിയമനം ഡി.ഇ.ഒ, ഡി.ഡി.ഇ, ഡി.ജി.ഇ എന്നീ കാര്യാലയത്തിൽ നിന്ന് എല്ലാം

നിരസിച്ച് ഉത്തരവായിട്ടുണ്ട്. ഇതേ കാരണങ്ങൾ ഇപ്പോഴും നിലനിൽക്കുന്നതിനാൽ ശ്രീമതി.വന്ദന കെ.സുപ്രഭാതിന്റെ നിയമനവും ഈ കാര്യാലയത്തിൽ നിന്ന് നിരസിക്കുകയുണ്ടായി. ഉത്തരവ് നം.ബി1/3608/2017 തിയതി 03/01/2018. ഈ നിരസന ഉത്തരവിനെതിരെ മാനേജർ 11/01/2018 ഡി.ഡി.ഇ പാലക്കാടിൽ അപ്പീൽ അപേക്ഷ സമർപ്പിക്കുകയും വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ വിശദമായി പരിശോധന നടത്തി താഴെ രേഖപ്പെടുത്തിയ കാരണത്താൽ നിരസിക്കുകയുണ്ടായി.

എൻ) ശ്രീമതി.വന്ദന.കെ.സുപ്രഭാതിനെക്കാൾ സീനിയറായ 01/06/2016 മുതൽ മാനേജർ നിയമനം നൽകിയ ശ്രീമതി.നജിയ, ശ്രീമതി.വിദ്യ എന്നിവരുടെ നിയമനങ്ങൾ നിരസിച്ചിരിക്കുകയാണ്. സീനിയർ അദ്ധ്യാപകരുടെ നിയമനങ്ങൾ നിരസിച്ച സാഹചര്യത്തിൽ ജൂനിയറുടെ നിയമനം അംഗീകരിക്കുവാൻ കഴിയില്ല. ഇക്കാരണത്താൽ ബി4/980/2018 തിയതി 18/06/2019 എന്ന ഉത്തരവ് പ്രകാരം ഡി.ഡി.ഇ പാലക്കാടും ശ്രീമതി.വന്ദന.കെ.സുപ്രഭാതിന്റെ നിയമനം നിരസിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പിന്നീട് മാനേജർ ശ്രീമതി.വന്ദന.കെ.സുപ്രഭാതിനെ ടി സ്കൂളിലെ ശ്രീമതി.അനിത ഫ്രാൻസിസ് യു.പി.എസ്.എ ക്ക് എച്ച്.എസ്.എ (ഗണിതം) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയതിനെ തുടർന്നുണ്ടായ യു.പി.എസ്.എ തസ്തികയിലേക്ക് ശ്രീമതി.വന്ദന.കെ.സുപ്രഭാതിനെ 01/06/2017 മുതൽ മാറ്റി നിയമിച്ചതായി റിവിഷൻ അപ്പീലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ മാറ്റി നിയമിച്ചതുമൂലം നിയമന തീയതിക്കൊ തസ്തികക്കോ മാറ്റം വരുന്നില്ല എന്നു കൂടി അറിയിക്കുന്നു.

<u>ഹിത പ്രഭാകർ ടി.വി</u>

ഒ) കുഴൽമന്ദം സി.എ.ഹൈസ്കൂൾ മാനേജർ തന്റെ സ്കൂളിലെ യു.പി.എസ്.എ അദ്ധ്യാപിക ശ്രീമതി. നിധി.ബി.നായർ ക്ക് 01/06/2017 മുതൽ എച്ച്.എസ്.ടി (ഗണിതം) അദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകി നിയമിച്ചതിനെ തുടർന്ന് യു.പി.എസ്.ടി തസ്തികയിൽ ഒരു ഒഴിവ് വരികയും ടി ഒഴിവിലേക്ക് 01/06/2017 മുതൽ ശ്രീമതി.ഹിത പ്രഭാകരനെ യു.പി.എസ്.ടി അദ്ധ്യാപികയായി നിയമനം നൽകി നിയനാംഗീകാര അപേക്ഷ ഈ കാര്യാലയത്തിൽ സമർപ്പിക്കുകയും ചെയ്തു.

പി) പ്രസ്തുത അപേക്ഷ പരിശോധിച്ചതിൽ ശ്രീമതി.ഹിത പ്രഭാകരനെക്കാൾ സീനിയർ അദ്ധ്യാപകർ ആയി നിയമനം നൽകിയ ശ്രീമതി.നജിയ യു.പി.എസ്.എ നിയമന തീയതി 01/06/2016 ശ്രീമതി.വിദ്യ.ജി നിയമന തിയതി 01/06/2016, ശ്രീമതി.വന്ദന.കെ നിയമന തിയതി 01/06/2017 എന്നീ അദ്ധ്യാപകരുടെ യു.പി.എസ്.എ തസ്തികയിലെ നിയമനം ഈ കാര്യാലയത്തിൽ നിന്നും നിരസിച്ചിരുന്നു. ആയതിനാൽ ജൂനിയർ ആയി നിയമനം ലഭിച്ച ഹിതാ പ്രഭാകറിന്റെ നിയമനം അംഗീകരിക്കാൻ കഴിയുന്നതല്ല. കൂടാതെ ടി.വി മൈസൂർ യൂണിവേഴ്സിറ്റിയിൽ നിന്നും ബി.എസ്.സി, ബി.എഡ് യോഗ്യത നേടിയിട്ടുള്ളത്. ഈ യോഗ്യതകൾ പരിഗണിക്കാമെന്ന് ഉറപ്പ നൽകുന്ന തുല്യതാ സർട്ടിഫിക്കറ്റുകൾ ഒന്നും തന്നെ നിയമന രേഖകൾക്കൊപ്പം ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ നിയമനവും ഈ കാര്യാലയത്തിൽ നിന്ന് ഉത്തരവ് നം.ബി1/3504/2017 തിയതി 3/01/2018ന് നിരസിച്ച് ഉത്തരവ് നൽകുകയുണ്ടായി. ഈ നിരസന ഉത്തരവിനെതിരെ മാനേജർ 11/01/2018 ന് നൽകിയ അപ്പീൽ അപേക്ഷ ഡി.ഡി.ഇ പാലക്കാടും നിരസിച്ച് ഉത്തരവായിട്ടുണ്ടെന്ന് അറിയിക്കുന്നു."

3) മേലുറഞ്ഞ വസ്തുതകൾ ഹിയറിങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. കുഴൽമന്ദം സി.എ ഹൈസ്കൂളിലെ എച്ച്.എസ്.ടി/ യു.പി.എസ്.റ്റി വിഭാഗങ്ങളിലുൾപ്പെടുന്ന 7 അദ്ധ്യാപകരുടെ നിയമനാംഗീകാര വിഷയമാണ് റിവിഷനിൽ പരിഗണനയ്ക്കായി വന്നിട്ടുള്ളത്. റിപ്പോർട്ടുകളിൽ നിന്നും ലഭ്യമായ വിവരം പ്രകാരം പ്രസ്തുത സ്കൂളിലെ എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) അദ്ധ്യാപികയായിരുന്ന ശ്രീമതി.ഇ.കെ.ഗീതക്ക് മാനേജർ 16/01/2014 മുതൽ എച്ച്.എസ്.എസ്.ടി

അദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകി നിയമിച്ചതിനെ തുടർന്നുള്ള റിസൾട്ടന്റ് ഒഴിവുകളും അനുബന്ധിച്ച മറ്റ് ഒഴിവുകളും ആണ് ഹർജിക്കാരെ നിയമിക്കാനായി തിരഞ്ഞെടുത്തതെന്നും ശ്രീമതി. ഇ.കെ. ഗീതയുടെ എച്ച്.എസ്.എസ്.ടി നിയമന അംഗീകാരം സംബന്ധിച്ച അനിശ്ചിതത്വം നിലനിൽക്കുന്നതു മൂലമാണ് ഹർജിക്കാരുടെ അംഗീകാരം വൈകുന്നതെന്നും ബോദ്ധ്യമാകുന്നു. ശ്രീമതി.ഇ.കെ. ഗീതയുടെ എച്ച്.എസ്.എസ്.ടി നിയമനത്തിന്റെ മേൽ ഹയർസെക്കൻററി വിഭാഗം മലപ്പുറം മേഖലാ ഉപഡയറക്ടർ ആരാഞ്ഞിരുന്ന സ്പഷ്ടീകരണം സർക്കാരിൽ ബി3/145/2020/പൊ.വി.വ എന്ന ഫയലിൽ പരിശോധിക്കുകയും ശ്രീമതി.ഇ.കെ. ഗീതക്ക് 16/01/2014 മുതൽ എച്ച്.എസ്.എസ്.ടി അദ്ധ്യാപികയായി തുടർച്ചയായ നിയമനാംഗീകാരം നൽകുന്നതിന് 30.12.2021-ലെ കത്തിലൂടെ മേഖലാ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്

4) മേൽ സാഹചര്യത്തിൽ, ശ്രീമതി. ഇ.കെ. ഗീതയുടെ എച്ച്.എസ്.എസ്.ടി നിയമനം പ്രസ്തുത സർക്കാർ നിർദ്ദേശപ്രകാരം ക്രമവല്ക്കരിക്കുന്നതിലൂടെ ഹർജിക്കാരായ ശ്രീമതി.ബീന.എസ്, ശ്രീ. തോമസ് എബ്രഹാം, ശ്രീ.ബി.ജയരാജ് എന്നിവരുടെ നിയമനം അംഗീകരിക്കുന്നതിലുള്ള തടസ്സം നിലനിൽക്കുന്നതല്ല. അപ്രകാരം ഇവർക്കുള്ള അംഗീകാരവിഷയം തീർപ്പാക്കുമ്പോൾ ശ്രീ.തോമസ് എബ്രഹാം, ശ്രീ.ബി.ജയരാജ് എന്നിവരുടെ പ്രൊമോഷൻ നിയമനത്തെ തുടർന്നുണ്ടായ ഒഴിവുകളിൽ നിയമിതരായ ശ്രീമതിമാർ നജിയ, വിദ്യ എന്നിവരുടെ യു.പി.എസ്.റ്റി നിയമനങ്ങൾ അംഗീകരിക്കുന്നതിലുള്ള തടസ്സം നീങ്ങുന്നതാണ്. ഈ രണ്ട സീനിയർ അദ്ധ്യാപകരുടെ നിയമന അംഗീകാരവിഷയം തീർപ്പാക്കുമ്പോൾ ജൂനിയർമാരായ ശ്രീമതിമാർ വന്ദന.കെ.സുപ്രഭാത്, ഹിത പ്രഭാകർ ടി.വി എന്നിവരുടെ യു.പി.എസ്.റ്റി നിയമനങ്ങൾ അംഗീകരിക്കുന്നതിലുള്ള തടസ്സം നീങ്ങുമെന്നും കാണുന്നു.

5) മേൽ വിവരിച്ച സാഹചര്യങ്ങളിൽ സർക്കാർ കത്ത് ബി3/145/2020/പൊ.വി.വ. തീയതി 30.12.2021 പ്രകാരം ശ്രീമതി.ഇ.കെ.ഗീതയുടെ എച്ച്.എസ്.എസ്.ടി നിയമനം ഹയർസെക്കൻററി വിഭാഗം മലപ്പുറം മേഖലാ ഉപഡയറക്ടർ തുടർച്ചയായി അംഗീകരിക്കുന്ന മുറയ്ക്ക് ഹർജിക്കാരുടെ നിയമനങ്ങൾ മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിച്ച നൽകുന്നതിനുള്ള നിർദ്ദേശം പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കു നൽകി മാനേജർ ഫയൽ ചെയ്ത എക്സിബിറ്റ്.പി.19-25 റിവിഷന്ൾ ഹർജികൾ തീർപ്പാക്കി അപ്രകാരം പാലക്കാട് കുഴൽ മന്ദം സി.എ.ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.എ(സോഷ്യൽ സയൻസ്) ശ്രീമതി.എസ്.ബീനയും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത WP(C)No.19633/2021 ലെ 22.09.2021 ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്.വി
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം

മാനേജർ, സി.എ.ഹയർ സെക്കണ്ടറി സ്കൂൾ, കുഴൽ മന്ദം, പാലക്കാട്-678702

ശ്രീമതി.എസ്.ബീന, എച്ച്.എസ്.ടി(സോഷ്യൽ സയൻസ്), സി.എ.ഹയർ സെക്കണ്ടറി സ്കൂൾ, കുഴൽ മന്ദം, പാലക്കാട്-678702

ശ്രീ.തോമസ് എബ്രഹാം, എച്ച്.എസ്.ടി(സോഷ്യൽ സയൻസ്), “

ശ്രീ.ബി.ജയരാജ്, എച്ച്.എസ്.ടി "

ശ്രീമതി.നജിയാ കെ., യു.പി.എസ്.ടി "

ശ്രീമതി.ജി.വിദ്യ, യു.പി.എസ്.ടി "

ശ്രീമതി.ഹിത പ്രഭാകർ റ്റി.വി., യു.പി.എസ്.ടി "

ശ്രീമതി.വന്ദന കെ.സുപ്രഭാത്, യു.പി.എസ്.ടി "

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

**Signed by Shahna Kumari S L**

**Date: 11-02-2022 12:43:22**

സെക്ഷൻ ഓഫീസർ